ഉത്തരം

(എ) ഉണ്ട്.

(ബി) പുനർ നിർമ്മാണത്തിന് വേണ്ടി ധനസഹായത്തിന് അപേക്ഷ ലഭിച്ചാൽ പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

തിരുവനന്തപുരം നഗരപരിധിയിലെ ക്ഷേത്രക്കുളങ്ങളിലെ മരണങ്ങൾ

65 (1860) ശ്രീ. എ. സുജനപാൽ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ ദേവസ്വം ബോർഡിന്റെ കീഴിൽ തിരുവനന്തപുരം നഗരത്തിലുള്ള ഏതെല്ലാം ക്ഷേത്രക്കുളങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ;

(ബി) ഈ മരണങ്ങൾക്കു ശേഷം ഈ കുളം വറ്റിച്ചു വൃത്തിയാക്കുവാൻ ദേവസ്വം ബോർഡ് നടപടിയെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തു കൊണ്ടാണ് ;

(ഡി) ഈ കുളം വറ്റിച്ചു വൃത്തിയാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രീവരാഹം ക്ഷേത്രക്കുളത്തിൽ 10 പേരും ശ്രീകണ്ഠേശ്വരം, ഉള്ളൂർ, പിരപ്പൻകോട് എന്നീ ക്ഷേത്രക്കുളങ്ങളിൽ ഒരാൾ വീതവും മരണപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ദുർമരണങ്ങളെ തുടർന്ന് ക്ഷേത്രാചാരങ്ങൾ പാലിച്ചുകൊണ്ട് കുളത്തിൽ പുണ്യാഹം, ശുദ്ധികലശം മുതലായവ ദേവസ്വം മന്ത്രി, മേൽശാന്തി എന്നിവരുടെ കാർമ്മികത്വത്തിൽ യഥാസമയം നടത്തിയിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

കർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഭക്ഷ്യ എണ്ണ ഇറക്കുമതി

66 (1861) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻതോതിലുള്ള ഭക്ഷ്യ എണ്ണ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം സംസ്ഥാനത്തെ നാളികേര കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly